**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1933** **08-02-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത കർഷകരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത കർഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ക്ഷേമനിധി ബോർഡ് മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ? | (ബി) | ക്ഷീരമേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് ആശ്വാസം പകരുന്നതിന്, സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനു വേണ്ടി ഒട്ടേറെ ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്ന ക്ഷേമ നിധിയാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ്.<br><br>ക്ഷേമനിധിയുടെ എല്ലാ ധനസഹായങ്ങളുടേയും അർഹത നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം ക്ഷേമനിധി അംഗത്വമാണ്. 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും ക്ഷീരവികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരു ക്ഷീരസംഘത്തിൽ ഒരു വർഷത്തിൽ കുറഞ്ഞത് 500 ലിറ്റർ പാൽ അളന്നതുമായ ഒരു കർഷകന് ക്ഷേമനിധി അംഗത്വത്തിന് അർഹതയുണ്ട്.<br><br>**പെൻഷൻ**<br><br>ഒരാൾ ക്ഷേമനിധി അംഗമായ ശേഷം 5 വർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിലളക്കുകയും 60 വയസ്സ് പൂർത്തീകരിക്കുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. നിലവിൽ സർക്കാർ ധനസഹായത്തോടു കൂടി നൽകി വരുന്ന 1600/- രൂപ നിരക്കിലുള്ള ക്ഷേമപെൻഷനിൽ 1300/- രൂപ സർക്കാർ വിഹിതവും 300/- രൂപ ക്ഷേമനിധി വിഹിതവുമാണ്.<br><br>**അവശതാ പെൻഷൻ**<br><br>40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമോ മാരകമായ രോഗങ്ങളോ കാരണം തുടർന്ന് പശു |

വളർത്തലിൽ ഏർപ്പെടാൻ സാധിക്കാത്ത ക്ഷീരകർഷകർക്ക് ക്ഷേമനിധി അംഗത്വവും ഏതെങ്കിലും 5 സാമ്പത്തിക വർഷങ്ങളിൽ 500 ലിറ്ററിൽ കുറയാതെ പാൽ അളവും ഉള്ള പക്ഷം അവശതാ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇവർക്ക് 60 വയസ്സ് പൂർത്തിയാകണമെന്ന് നിബന്ധനയില്ല. നിലവിൽ 1600/- രൂപ നിരക്കിലാണ് അവശതാ പെൻഷൻ അനുവദിച്ചു വരുന്നത്.

**കുടുംബ പെൻഷൻ**

പെൻഷണർ മരണപ്പെട്ടാൽ പെൻഷണറുടെ അനന്തരാവകാശിക്ക് പ്രതിമാസം 550/- രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകി വരുന്നു.

**വിവാഹ ധനസഹായം**

ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5000/- രൂപ നിരക്കിൽ വിവാഹ ധനസഹായം നൽകി വരുന്നു.

**മരണാനന്തര ധനസഹായം**

ക്ഷേമനിധി അംഗം മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾക്കായി 3000/- രൂപ ധനസഹായമായ നൽകി വരുന്നു.

**വിദ്യാഭ്യാസ ധനസഹായം**

ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി (SSLC, +2, ഡിഗ്രി, പ്രൊഫഷണൽ എന്നീ തലങ്ങളിൽ) മികച്ച വിജയം കരസ്ഥമാക്കിയിട്ടുള്ളവർക്ക് യഥാക്രമം 1000/-, 1500/-, 2000/-, 2500/- രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

**സംസ്ഥാന/ജില്ലാതലങ്ങളിൽ മികച്ച ക്ഷീരകർഷകന് അവാർഡ്**

ക്ഷീരകർഷകർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കുന്ന മികച്ച ക്ഷീരകർഷകന് 5000/- രൂപ ക്യാഷ് അവാർഡും സംസ്ഥാനതലത്തിൽ മികച്ച കർഷകന് 10,000/- രൂപ ക്യാഷ് അവാർഡും നൽകുന്നു.

**ക്ഷേമനിധി അംഗങ്ങൾക്കായി സമഗ്ര സാമൂഹ്യ സുരക്ഷ പദ്ധതി – ക്ഷീര സുരക്ഷ പദ്ധതി**

| | | | |
|---|---|---|---|
| | | | ക്ഷീരകർഷകർക്ക് വേണ്ടി സമഗ്ര സാമൂഹ്യ സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു. ആയതനുസരിച്ച് അപകട മരണത്തിന് 50,000/- രൂപയും, അപകടം, സ്ട്രോക്ക് എന്നിവ മൂലമുണ്ടാകുന്ന സ്ഥായിയായ അവശതയ്ക്ക് 10,000/- രൂപയും, മാരക രോഗങ്ങൾക്ക് പരമാവധി 15,000/- രൂപയും, പകർച്ച വ്യാധി, പശു പരിപാലനത്തിനിടെ ക്ഷീരകർഷകർക്കുണ്ടാകുന്ന അസുഖങ്ങൾ, ശസ്ത്രക്രിയ ആവശ്യമില്ലാത്ത ഗുരുതര പരിക്കുകൾ, പാമ്പുകടി, പേവിഷബാധ എന്നിവയ്ക്ക്പരമാവധി 2000/- രൂപയും നൽകി വരുന്നു.<br><br>**കോവിഡ് കാലത്ത് ക്ഷീരകർഷകർക്കായി ആശ്വാസ ധനസഹായ പദ്ധതികൾ**<br><br>കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അടിയന്തരമായി ബോർഡ് 3 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.<br><br>1) 2020 മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 1 രൂപ നിരക്കിൽ മുൻകൂർ ധനസഹായം (കുറഞ്ഞത് 250/- രൂപ പരമാവധി 1000/- രൂപ)<br><br>2) കോവിഡ് പോസിറ്റീവ് രോഗികൾക്ക് 10,000/- രൂപ അടിയന്തര ധനസഹായം<br><br>3) കോവിഡ് നിരീക്ഷണത്തിലുള്ളവർക്ക് 2000/- രൂപ ധനസഹായം<br><br>കോവിഡ് 2-ാം തരംഗം ഉണ്ടായ സാഹചര്യത്തിൽ ക്ഷേമനിധി അംഗങ്ങളായ കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് ആശ്വാസമായി 5000/- രൂപ ധനസഹായം ബോർഡ് നൽകിയിരുന്നു.<br><br>**"ഓണ മധുരം പദ്ധതി"**<br><br>2022 വർഷം ഓണത്തിന് ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായുള്ള ക്ഷീരകർഷകർക്ക് 250/- രൂപ നൽകുന്നതിന് ക്ഷേമനിധി ബോർഡ് തീരുമാനിക്കുകയും ആയത് പ്രകാരം 2021-22 വർഷം സംഘങ്ങളിൽ പാൽ അളന്നതും ഒരു പ്രാവശ്യമെങ്കിലും അംശാദായം അടച്ചിട്ടുള്ളതുമായ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് 250/- രൂപ വീതം സഹായം നൽകി. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 37832 |
| 2 | കൊല്ലം | 33195 |
| 3 | പത്തനംതിട്ട | 14161 |
| 4 | ആലപ്പുഴ | 25625 |
| 5 | കോട്ടയം | 22091 |
| 6 | ഇടുക്കി | 25852 |
| 7 | എറണാകുളം | 32033 |
| 8 | തൃശ്ശൂർ | 24735 |
| 9 | പാലക്കാട് | 42072 |
| 10 | മലപ്പുറം | 18347 |
| 11 | കോഴിക്കോട് | 37734 |
| 12 | വയനാട് | 30438 |
| 13 | കണ്ണൂർ | 34571 |
| 14 | കാസർഗോഡ് | 14295 |
| | ആകെ | 392981 |